**This Question Paper consists of 10 questions and 8 Printed pages.**
ഈ ചോദ്യപേപ്പറിൽ **10** ചോദ്യങ്ങളും **8** അച്ചടിച്ച പുറങ്ങളും ഉണ്ട്.

**Code No.** (കോഡ് നമ്പർ) **71/S/232/A/MM**

**Roll No.** (റോൾ നമ്പർ) | | | | | | | | | | | | |

# MALAYALAM

## മലയാളം

## (232)

**Serial No.**

**Day and Date of Examination**
(പരീക്ഷാ ദിവസവും തീയതിയും) ______________________

**Signature of Invigilators** 1. ______________________
(മേൽനോട്ടക്കാരുടെ ഒപ്പ്) 2. ______________________

UNNATI EDUCATIONS
EK KADAM UNNATI KI AUR

**പൊതുവായ നിർദ്ദേശങ്ങൾ :**

1. എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ നിങ്ങൾക്ക് നൽകിയിരിക്കുന്ന ആൻസർ ബുക്കിൽ നൽകണം.
2. ഈ ചോദ്യപേപ്പർ വായിക്കുന്നതിന് 15 മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ട്. ഉച്ചക്ക് **02.15** ന് ചോദ്യപേപ്പർ നൽകും **02.15** മുതൽ **02.30** വരെ വിദ്യാർത്ഥികൾ ചോദ്യപേപ്പർ വായിക്കുക മാത്രം ചെയ്യുക. ഈ സമയം ആൻസർ ബുക്കിൽ ഒരു ഉത്തരവും എഴുതാൻ പാടുള്ളതല്ല.
3. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
4. ആദ്യ പേജിൽ പ്രിന്റ് ചെയ്തിരിക്കുന്ന വിവരങ്ങൾ ക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.
5. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.
6. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടിൽ ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
7. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ എതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
8. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **71/S/232/A/MM** എഴുതേണ്ടതാണ്.



UNNATI EDUCATION
9899-436-384: 9654-279-279

# MALAYALAM

## മലയാളം

## (232)

**സമയം : 3 മണിക്കൂർ]** **[മാർക്ക് : 100**

**നിർദ്ദേശങ്ങൾ :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നുവരെയുള്ള ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായത് എടുത്തെഴുതണം.

---

**1.** ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. ഓരോ മാർക്ക് വീതം. **[20 × 1 = 20]**

1.1. കേരളീയർ ഏത് കാര്യത്തിൽ കേളികേട്ടവരാണെന്നാണ് വള്ളത്തോൾ പറയുന്നത്?

(A) സൗന്ദര്യം (B) സാമ്പത്തികശേഷി

(C) ഔദാര്യശീലം (D) ദയാശീലം

UNNATI EDUCATIONS
EK KADAM UNNATI KI AUR

1.2. വെളുക്കാൻ തേച്ചത് പാണ്ഡുപിടിക്കുംപോലെ എന്ന് വി.ടി. സൂചിപ്പിക്കുന്നത് എന്തിനെക്കുറിച്ച്?

(A) കുട്ടികളെ ശിക്ഷിക്കുന്നത് സംബന്ധിച്ച്

(B) അമ്മയുടെ ദയനീയമായ പ്രാർത്ഥന സംബന്ധിച്ച്

(C) ലൗകികവും വൈദികവും തമ്മിലുള്ള സാഹോദര്യത്തെക്കുറിച്ച്

(D) അച്ഛന് നേരേ കൊഞ്ഞനംകുത്തിയതിനെക്കുറിച്ച്

1.3. രക്ഷിക്കുവാൻ കടപ്പെട്ടവനിൽനിന്നു-മിക്ഷിതിഗർഭത്തിൽ രക്ഷതേടുന്നവൾ- ആരെ സൂചിപ്പിക്കുന്നു?

(A) ഭാര്യയെ (B) അമ്മയെ

(C) സീതയെ (D) മറിയത്തെ



UNNATI EDUCATION
9899-436-384: 9654-279-279

1.4. ഇനി ആരാണ് കുട്ടികളെ കുളിപ്പിക്കുക? ആരാണ് അവർക്ക് പലഹാരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക- എന്ന് ചോദിക്കുന്നത് ആര്?

(A) അമ്മ (B) ഉണ്ണി

(C) അച്ഛൻ (D) മേലുദ്യോഗസ്ഥൻ

1.5. ദൃശ്യങ്ങളെന്നും ശ്രവ്യങ്ങളെന്നും രണ്ടുവകയായി തിരിച്ചിരിക്കുന്നത് എന്തിനെ?

(A) സുന്ദരകലകളെ (B) അഭിനയത്തെ

(C) സംഗീതത്തെ (D) നൃത്തത്തെ

1.6. കനകക്കതിരുകൾകൊണ്ട് കണിവച്ചത് ആര്?

(A) നീഹാരം (B) നീലാരണ്യം

(C) സന്ധ്യ (D) പ്രഭാതം

1.7. കാവ്യനർത്തകിയുടെ നെറ്റിത്തടത്തിൽ ചാർത്തിയ ചന്ദനത്തിന്റെ സവിശേഷതയായി കവി പറയുന്നത് എന്ത്?

(A) ദേവദയ കലർന്നത് (B) മലയിൽ ജനിച്ചത്

(C) കുളിരേകുന്നത് (D) ഈറനായത്

1.8. .... ജാതിമതിരാന്ധരടിച്ചു തമ്മി-

ലന്തപ്പെടും തനയരെന്തിനയേ സ്വരാജ്യം?- എന്ന് ചോദിച്ചത് ആര്?

(A) ശ്രീനാരായണഗുരു (B) സ്വാമി വിവേകാനന്ദൻ

(C) കുമാരനാശാൻ (D) വി.ടി.ഭട്ടതിരിപ്പാട്

1.9. 1920 -ലെ തിരുനാളാഘോഷവേളയിൽ സ്വാമി പ്രസിദ്ധപ്പെടുത്തിയ നിത്യജീവിതത്തെ ബാധിക്കുന്ന സന്ദേശം ഏത്?

(A) ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

(B) മദ്യം വിഷമാണ്. അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്.

(C) ഏകലോകം

(D) മതമീമാംസ

UNNATI EDUCATIONS
EK KADAM UNNATI KI AUR



UNNATI EDUCATION
9899-436-384: 9654-279-279

1.10. നാരദമുനിയുടെ വാക്കുകൾ കേട്ട നീരസികൻ ആര്?

(A) മുനീന്ദ്രൻ (B) ഹരി

(C) പ്രൗഢബലൻ ബാലി (D) നിശിചാരികുലേന്ദ്രൻ

1.11. നളപാകക്കാരൻ എന്ന് കവി വിശേഷിപ്പിക്കുന്നത് ആരെ?

(A) കുഞ്ചൻനമ്പ്യാരെ (B) ഉണ്ണായിവാരിയരെ

(C) കഞ്ഞുണ്ണിയെ (D) അകത്തൂട്ടുവാരിയരെ

1.12. സഞ്ജയൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ആര്??

(A) എം.ആർ.നായർ (B) സി.കുട്ടികൃഷ്ണൻ

(C) എം.കെ.കെ.നായർ (D) വി.വി.അയ്യപ്പൻ

1.13. കണ്ണന്റെ നിറത്തിന് ഏതിനോടാണ് സാദൃശ്യമുള്ളത്?

(A) മഞ്ഞൾ (B) കുങ്കുമം

(C) കാർമുകിൽ (D) പിച്ചകം

1.14. കല്യാണമിതുമൂലം വന്നുകൂടീടുമല്ലോ- ഏതുമൂലം?

(A) സ്വർണ്ണഭൂഷണം അണിയുന്നതുമൂലം

(B) നേത്രോല്പലമാല അണിയുന്നതുമൂലം

(C) വരണാർത്ഥമാല ഇടുന്നതുമൂലം

(D) വില്ല് കുലയ്ക്കുന്നതുമൂലം

1.15. കച്ചട്ടികൾ കയറ്റിയ കൈവണ്ടി കടന്നുപോയപ്പോൾ ഡിസ്ട്രിക്ട് ബോർഡിന്റെ പാലം പൊളിഞ്ഞുപോയി എന്നു പറയുന്നതിലൂടെ സഞ്ജയൻ നടത്തുന്ന പരിഹാസം എന്ത്?

(A) കച്ചട്ടികളുടെ ഭാരക്കൂടുതൽ

(B) കൈവണ്ടിയുടെ സുരക്ഷിതത്വം ഇല്ലായ്മ

(C) ഡിസ്ട്രിക്ട് ബോർഡിന്റെ പാലംപണിയിലെ അഴിമതി

(D) കച്ചട്ടികളുടെ എണ്ണക്കൂടുതൽ

1.16. അധികം പേർക്കും ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമായി കെ.പി.കേശവമേനോൻ പറയുന്നത് എന്തിനെ?

(A) സ്വന്തം വീടിനെ (B) ജന്മനാടിനെ

(C) പ്രാഥമികവിദ്യാലയത്തെ (D) പ്രകൃതിയെ



UNNATI EDUCATION
9899-436-384: 9654-279-279

1.17. എന്റെ ഭാഷ എന്ന കവിതയിൽ ധാത്രിയായി കവി കല്പിച്ചിരിക്കുന്നത് ആരെ?

(A) ജന്മനാടിനെ (B) മാതൃഭാഷയെ

(C) വളർത്തമ്മയെ (D) മറ്റുള്ള ഭാഷകളെ

1.18. ഓമൽക്കൈവള കിലുങ്ങെ രാമച്ചവിശറി വീശുന്നത് ആര്?

(A) വാസവദത്ത (B) തോഴി

(C) മഞ്ജുളാംഗി (D) മതിമോഹിനി

1.19. കൊട്ടാരഗോപുരങ്ങളുടെയും കപ്പലുകളുടെയും മാതൃകയിൽ ബാലിക്കാർ ഒരുക്കിയിരുന്നത് എന്ത്?

(A) അപ്പങ്ങളും അടകളും കനികളും പൂക്കളും

(B) ക്ഷേത്രങ്ങളുടെ മേല്പുരകൾ

(C) ഉത്സവപ്പറമ്പ്

(D) ബാൻഡുയൂങ്ങ്

1.20. ജാനമ്മയുടെ ഹൃദയത്തിൽ സുന്ദരസ്വപ്നങ്ങളും മൃദുലവികാരങ്ങളും കൂമ്പെടുത്തിരുന്ന കാലം ഏതായിരുന്നു?

(A) സർക്കസ്സുജീവിതത്തിലേക്ക് കടന്ന കാലം

(B) ലക്ഷ്മിയുമായി പരിചയപ്പെട്ട കാലം

(C) ചന്ദ്രൻ കമ്പനിയിൽ ചേർന്ന കാലം

(D) ട്രപ്പീസ് കളിയിൽ മികവ് പുലർത്തിയിരുന്ന കാലം

**2.** **ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്ക് വീതം.** **[5 × 1 = 5]**

2.1. മൃഗമദപ്പൊട്ടിയന്ന മുഖചന്ദ്രന് ഉടമ ആര്?

2.2. ഓലക്കമാണ്ടവൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെ?

2.3. പെങ്ങൾ കവിയുടെ കൈത്തണ്ടയിൽ ബന്ധിച്ച രാഖിയുടെ നിറം എന്ത്?

2.4. ദശകന്ധരൻ എന്ന് വിളിക്കപ്പെടുന്നത് ആര്?

2.5. ചാക്യാർ കുലത്തിന്റെ കുലവൃത്തി എന്ത്?



UNNATI EDUCATIONS
EK KADAM UNNATI KI AUR
UNNATI EDUCATION
9899-436-384: 9654-279-279

3. **വിട്ടുപോയ ഭാഗം ബ്രാക്കറ്റിൽ നിന്ന് ശരിയായത് തെരഞ്ഞെടുത്ത് പൂരിപ്പിക്കുക. ഓരോ മാർക്ക് വീതം.** **[5 × 1 = 5]**

3.1. പറക്കുന്ന ട്രിപ്പീസ്! അതോർത്തപ്പോൾ....... കരങ്ങളിൽ ഒരു നീറ്റൽ അനുഭവപ്പെടാതിരുന്നില്ല.

(ചന്ദ്രന്റെ, ലക്ഷ്മിയുടെ, ജാനമ്മയുടെ, മാനേജരുടെ)

3.2. എല്ലാത്തരം വാദ്യങ്ങൾക്കും പൊതുവിലുള്ള പേരാണ് .. .... എന്നത്.

(പാട്ട്, കൊട്ട്, താളം, സുന്ദരകല)

3.1. നിന്നൂ ലളിതേ, നീയെൻ മുന്നിൽ

...................പൊൻകതിർപോലെ.

(മഞ്ജിമതൻ, ചടുലോല്പലദള, നിർവൃതിതൻ, മധുരസ്വപ്ന)

3.4. വിശാലമായ ഈ.........., മർത്ത്യമാനസങ്ങളെ ഭ്രാന്തുപിടിപ്പിച്ച് ജീവിതത്തിൽ ദുരിതങ്ങൾ സൃഷ്ടിക്കുന്ന മതാന്ധത തീണ്ടാതിരിക്കാനുള്ള സംരക്ഷണം.

(ഏകമതവീക്ഷണമാണ്, കള്ളുണ്ടാക്കലാണ്, ജാതിചിന്തയാണ്, മനോഭാവമാണ്)

3.5. രണ്ടായിരം കൊല്ലം മുമ്പ് ......... കേൾവിയുടെ കൊടുമുടിയിൽ എത്തിയിരുന്നു.

(ഏകത്വം, നാനാത്വം, പഠാണി, തക്ഷശില)

4. **താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക. ഒരു മാർക്ക് വീതം.** **[5 × 1 = 5]**

4.1. പൈതങ്ങൾ പൂർണ്ണവളർച്ചയെത്താൻ മാതാവിന്റെ വാത്സല്യദുഗ്ധം നുകരണം.

4.2. എല്ലാത്തരം വാദ്യങ്ങൾക്കും പൊതുവിലുള്ള പേര് ചെണ്ട എന്നാണ്.

4.3. കണ്ണന്റെ പുഞ്ചിരിയോട് തോറ്റത് കോകിലമാണ്.

4.4. നിസ്വാർത്ഥ സേവനത്തിന്റെ പ്രഥമപാഠം കുടുംബത്തിൽനിന്ന് പഠിക്കുന്നു.

4.5. കാല്യംപോലെ മനോഹരമായ ഒരു ബാല്യമാണ് വി.ടി.ഭട്ടതിരിപ്പാട് അനുഭവിച്ചത്.

5. **ചേരുംപടി ചേർക്കുക. ഒരു മാർക്ക് വീതം.** **[5 × 1 = 5]**

| | | |
|---|---|---|
| 5.1. | വി.ടി.ഭട്ടതിരിപ്പാട | - കരുണ |
| 5.2. | എഴുത്തച്ഛൻ | - സഞ്ചാരസാഹിത്യകാരൻ |
| 5.3. | കുമാരനാശാൻ | - രമണൻ |
| 5.4. | ചങ്ങമ്പുഴ | - അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് |
| 5.5. | എസ്.കെ.പൊറ്റെക്കാട് | - കിളിപ്പാട്ട് |



UNNATI EDUCATION
9899-436-384: 9654-279-279

**6. പകരം പദം എഴുതുക. ഒരു മാർക്ക് വീതം.** **[5 × 1 = 5]**

6.1. അത്യുന്നതം

6.2. ഏണം

6.3. ഭൂഷണം

6.4. മതി

6.5. നിർബാധം

**7. ചേർത്തെഴുതുക. ഒരു മാർക്ക് വീതം.** **[5 × 1 = 5]**

7.1. ലളിത + ഉപന്യാസം

7.2. കുസൃതി + കാരൻ

7.3. പലഹാര + തട്ട്

7.4. കൂത്ത് + അമ്പലം

7.5. അതി + അല്പം

**8. ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് 20-25 വാക്കുകളിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം.** **[10 × 2 = 20]**

8.1. വാസവദത്തയുടെ വെൺമനോജ്ഞമാളിക എവിടെയാണ് സ്ഥിതിചെയ്യുന്നത്?

8.2. ഈ പരമാർത്ഥത്തെ അവഗണിക്കുന്ന ഏത് സാമുദായികാവസ്ഥയും ഉറപ്പില്ലാത്തതാണ്- പരമാർത്ഥം ഏത്?

8.3. വിശ്വാമിത്രൻ രാമചന്ദ്രനോട് പറഞ്ഞത് എന്ത്?

8.4. പെണ്ണുകാണാൻ പോകുമ്പോൾ കണ്ണുമാത്രം പോരാ എന്ന് കുഞ്ഞുണ്ണി പറയുന്നത് എന്തുകൊണ്ട്?

8.5. ഏണങ്ങളോട് ഗോപികമാർ പറഞ്ഞത് എന്ത്?

8.6. സർക്കസ് കൂടാരത്തിലെ മാനേജർ വിജയഭാവത്തിൽ മന്ദഹസിച്ചത് എപ്പോൾ?

8.7. സർവമതസമ്മേളനം വിളിക്കുന്നതിനു പിന്നിൽ ശ്രീനാരായണഗുരു ലക്ഷ്യമാക്കിയത് എന്ത്?

8.8. ശ്രീനാരായണഗുരു 1920 ലെ തിരുനാളാഘോഷവേളയിൽ പ്രസിദ്ധപ്പെടുത്തിയ സന്ദേശങ്ങൾ ഏതെല്ലാം?

8.9. സർക്കസ് കൂടാരത്തിൽ ജാനമ്മ അനുഭവിച്ച കഷ്ടപ്പാടുകൾ എന്തെല്ലാം?

8.10. തന്റെ മനസ്സിൽ കവിത രൂപപ്പെട്ടതിനെക്കുറിച്ച് ചങ്ങമ്പുഴ പറയുന്നത് എന്ത്?

8.11. നായികയുടെ മുടിക്കെട്ട് ചങ്ങമ്പുഴ വർണ്ണിക്കുന്നത് എങ്ങനെ?

8.12. നെയ്പ്പായസം എന്ന കഥയിലെ ഭാര്യ മരിച്ചുകിടന്നത് എങ്ങനെയാണ് വിവരിക്കുന്നത്?

8.13. നിൻ പെങ്ങളാണിവൾ എന്ന് കവിയോട് ചൊല്ലാതെ ചൊല്ലുന്നത് എന്ത്?

8.14. തേവാരക്കാര്യത്തിലുള്ള അതിശ്രദ്ധ വി.ടി.യുടെ ഇല്ലത്തിന്റെ ഏത് അവസ്ഥയെയാണ് കാണിക്കുന്നത്?

8.15. മാതൃഭാഷയും മറ്റുള്ള ഭാഷകളും തമ്മിലുള്ള ബന്ധം വള്ളത്തോൾ അവതരിപ്പിക്കുന്നത് എങ്ങനെ?



UNNATI EDUCATION
9899-436-384: 9654-279-279

**9. ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് 40-45 വാക്കിൽ ഉത്തരമെഴുതുക. 3 മാർക്ക് വീതം.** **[5 × 3 = 15]**

9.1. ഗോപികമാർ കോകിലത്തോട് കണ്ണനെക്കുറിച്ച് ചോദിച്ചത് എന്ത്? അങ്ങനെ ചോദിക്കാൻ കാരണം എന്ത്?

9.2. മാനത്ത് മിന്നണതെന്താണ്ടോ എന്ന് തുടങ്ങി താനാരോ പാടണൊരാളാണ്ടോ എന്നതിൽ എത്തിച്ചേരുമ്പോൾ കുഞ്ഞുണ്ണി നമ്മെ ബോധ്യപ്പെടുത്തുന്നത് എന്തെല്ലാം?

9.3. അമ്മയുടെ മഹത്വം കുടുംബജീവിതം എന്ന ലേഖനത്തിൽ അവതരിപ്പിക്കുന്നത് എങ്ങനെ?

9.4. വാസവദത്തയുടെ സൗന്ദര്യത്തെക്കുറിച്ച് കുമാരനാശാൻ നൽകുന്ന സൂചനകൾ എന്തെല്ലാം?

9.5. പ്രായം ചെന്ന ശേഷമാണ് ഇതിന്റെ ആഭാസത എനിക്ക് ബോധ്യപ്പെട്ടത്.- വി.ടി. സൂചിപ്പിക്കുന്ന ആഭാസത എന്ത്?

9.6. നമ്മുടെ ഭാഷ അല്ലൽപ്പെടുന്ന കുചേലകുടുംബിനിയായി മാറിയ സാഹചര്യം എന്ത്?

9.7. പൊൺകുട്ടികൾ അനുഭവിക്കേണ്ടിവരുന്ന എന്തെല്ലാം കഷ്ടപ്പാടുകളാണ് പെങ്ങൾ എന്ന കവിതയിൽ തെളിയുന്നത്?

9.8. നെയ്പ്പായസം എന്ന കവിതയിലെ അച്ഛൻ മക്കളെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം?

**10. താഴെ പറയുന്ന ചേദ്യങ്ങൾക്ക് 100-150 വാക്കുകളിൽ ഉത്തരമെഴുതുക. 5 മാർക്ക് വീതം.** **[3 × 5 = 15]**

10.1. കേരളത്തിലെ കലകൾ എന്ന പാഠഭാഗത്ത് പരിചയപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും മൂന്ന് കലകളെക്കുറിച്ച് വിവരിക്കുക.

അല്ലെങ്കിൽ

എസ്.കെ.പൊറ്റെക്കാട് ഉൾനാട്ടിലെ ഉത്സവം എന്ന പാഠഭാഗത്ത് അവതരിപ്പിക്കുന്ന ബാലിയുടെ സവിശേഷതകൾ എന്തെല്ലാം?

10.2. എഴുത്തച്ഛന്റെ വർണ്ണനാപാടവം സീതാസ്വയംവരം എന്ന കവിതാഭാഗത്ത് തെളിയുന്നത് എങ്ങനെ?

അല്ലെങ്കിൽ

രാവണൻ എന്ന പുരാണകഥാപാത്രത്തിലൂടെ കുഞ്ചൻ നമ്പ്യാർ ഏതുതരം വ്യക്തിത്വങ്ങളെയാണ് പരിഹസിക്കുന്നത്?

10.3. നാനാത്വത്തിൽ ഏകത്വം എന്നതുകൊണ്ട് നെഹ്റു അർത്ഥമാക്കുന്ന ഇന്ത്യയുടെ സവിശേഷതകൾ എന്തെല്ലാം?

അല്ലെങ്കിൽ

കച്ചട്ടിസ്വാമിയാരുടെ കഥയിൽ ഒളിഞ്ഞിരിക്കുന്ന പരിഹാസം വിശകലനം ചെയ്യുക.



UNNATI EDUCATIONS
UNNATI KI AUR
UNNATI EDUCATION
9899-436-384: 9654-279-279